# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2391**

19 .06.2013 – ൽ മറുപടിയ്ക്ക്

## പഞ്ചകർമ്മ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>,, ഹൈബി ഈഡൻ<br>,, അൻവർ സാദത്ത്<br>,, വി.റ്റി.ബൽറാം | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പഞ്ചകർമ്മ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ; | (എ) ആയുർവേദത്തിൽ വളരെയേറെ പ്രചാരം നേടിയ ഒരു ചികിത്സാ രീതിയാണ് പഞ്ചകർമ്മ ചികിത്സ. വമനം (ഛർദ്ദിപ്പിക്കൽ), വിരേചനം (വയറിളക്കൽ), രക്തമോഷം (രക്തം കുത്തിയെടുക്കൽ), വസ്തി, നസ്യം തുടങ്ങിയ 5 ചികിത്സാ രീതികൾ ചേർന്നതാണ് പഞ്ചകർമ്മ ചികിത്സ.<br>മേൽപ്പറഞ്ഞ 5 ചികിത്സാ രീതികൾക്കും മുന്നോടിയായി പിഴിച്ചിൽ, ഞവരക്കിഴി, ധാര തുടങ്ങിയവയും പഞ്ചകർമ്മ ചികിത്സയുടെ ഭാഗമായി ചെയ്ത് വരുന്നു. പഞ്ചകർമ്മ ചികിത്സ ജീവിതശൈലി രോഗങ്ങൾക്ക് വളരെയേറെ ഫലപ്രദമായ ഒരു ചികിത്സാ രീതിയാണ്. |
| (ബി) ഇത്തരം ആശുപത്രികളുടെയും ഇവിടെ അനുവദിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളുടെയും എണ്ണം എത്ര; എന്തെല്ലാം; | (ബി) നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ മാത്രമാണ് ഒരു പഞ്ചകർമ്മ സ്പെഷ്യലിറ്റി ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ടി ആശുപത്രിയിൽ ഒരു ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക മാത്രമാണുള്ളത്. |

(സി) പഞ്ചകർമ്മ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം താലൂക്ക് കേന്ദ്രങ്ങളിൽ ലഭിക്കാൻ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുമോ?

(സി) & (ഡി) ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 120 ആശുപത്രികളിലും 793 ഡിസ്പെൻസറികളിലുമായി 7 പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് തസ്തികകളാണ് നിലവിലുള്ളത്. 100, 50, 30 കിടക്ക സൗകര്യങ്ങളുള്ള മറ്റ് ആശുപത്രികളിൽ 35 പഞ്ചകർമ്മ മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ